വിദ്യാർത്ഥി എസ്.എഫ്.ഐ. യുടെ നേതാവാണ്. ആയുർവേദ കോളേജിൽ നടന്ന സംഭവത്തിലെ പ്രധാനി ആരാണ്. അവിടത്തെ യൂണിയൻ നേതാവ് എസ്.എഫ്.ഐ. യുടെ നേതാവാണെന്ന ഒറ്റ ആനുകൂല്യം വച്ചുകൊണ്ടാണ് ഈ സംസ്ഥാനത്ത് കലാലയങ്ങളിൽ ഇത്രമാത്രം അഴിഞ്ഞാട്ടം നടത്താൻ ധൈര്യം കാട്ടുന്നത്. പെൺകുട്ടികളെ അപമാനിച്ചവരെ സംരക്ഷിക്കാൻ ഈ ഗവണ്മെന്റ് കൂട്ടുനിൽക്കുന്നു, ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഇത് ഗൗരവമായിട്ട് എടുക്കണം, നമ്മുടെ പെൺകുട്ടികളൊക്കെ പഠിക്കുന്ന കോളേജുകളുണ്ട്. ഇത് നിസാരമായി, രാഷ്ട്രീയമായി കാണരുത്. ഏതു പാർട്ടിക്കാർ എന്നു നോക്കാതെ ഇതിനെക്കുറിച്ച് ഒരു സിറ്റിങ്ങ് വനിതാ ജഡ്ജിയെ കൊണ്ട് ഒരു ഇൻക്യാമറ അന്വേഷണം നടത്തണമെന്നുള്ള ശക്തമായ ആവശ്യം ഞാൻ ഉന്നയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, നേരത്തേ എഴുതിതരാതെ പറഞ്ഞതിനൊന്നും മറുപടി പറയില്ല. ഈ ഒരൊറ്റ പ്രശ്നമേയുള്ളു. തിരുവനന്തപുരം ലാ കോളേജിലെ വിദ്യാർത്ഥിനി ലീനാകൃഷ്ണനെ അതേ കോളേജിലെ വിദ്യാർത്ഥി സബീർ 13.12.99-ന് ക്ലാസ് മുറിയിൽ വച്ച് അടിച്ചതായി പരാതിപ്പെട്ടതിനെ തുടർന്ന് പ്രിൻസിപ്പൽ സബീറിനെ സസ്പെൻഡ് ചെയ്തിരുന്നു. കോളേജ് പ്രിൻസിപ്പലിന്റെ പരാതിയെത്തുടർന്ന് ഇതുസംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 281/99-ാം നമ്പരായി ഇൻഡ്യൻ ശിക്ഷാനിയമം 354, 509 എന്നീ വകുപ്പുകൾ പ്രകാരവും 1998-ലെ കേരള പ്രൊഹിബിഷൻ ഓഫ് റാഗിംഗ് ആക്ടിലെ 4-ാം വകുപ്പുപ്രകാരവും ഒരു കേസ് രജിസ്റ്റർ ചെയ്യുകയും സബീറിനെ 18.12.99-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. 28.9.99-ന് സ്മിതാഗോപിനാഥൻ എന്ന വിദ്യാർത്ഥിനിയെ എം.എസ്. പ്രതാപൻ എന്ന വിദ്യാർത്ഥി അസഭ്യം പറഞ്ഞതായി സിറ്റി പോലീസ് കമ്മീഷണർക്ക് 15.12.99-ന് പരാതി ലഭിച്ചു. അതിൻമേൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 287/99-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റാഗിംഗ് നിരോധനനിയമം അതിന്റെ ഭാഗമാണ്. അപരിഷ്കൃതമായ റാഗിംഗിനെതിരെ ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കും.

(3) പി.എസ്.സി. നിയമനങ്ങൾ നിർത്തി വച്ചതുമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടായിട്ടുള്ള ആശങ്ക

ശ്രീ. കെ.സി. വേണുഗോപാൽ : സർ, സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ, തൊഴിൽ അന്വേഷിച്ച് നടക്കുന്ന ചെറുപ്പക്കാരുടെ വളരെ ഗുരുതരമായ പ്രശ്നം, പെട്ടെന്നുണ്ടായ പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സംസ്ഥാന ഗവണ്മെന്റ് ഏറ്റവുമൊടുവിൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങളെല്ലാം നിർത്തിവച്ചതുമൂലം ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളായ ചെറുപ്പക്കാർ ആശങ്കാകുലരാണ്. ഒരു തൊഴിലിനുവേണ്ടി മഴയെ കാത്തു നിൽക്കുന്ന വേഴാമ്പലിനെപ്പോലെ ലക്ഷക്കണക്കിന് ചെറുപ്പക്കാർ നിൽക്കുന്ന ഈ കേരളത്തിൽ ആകെ തൊഴിലവസരങ്ങൾ നൽകുന്നത് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സേഞ്ച് വഴിയുള്ള നിയമനങ്ങളുമാണ്. നിർഭാഗ്യവശാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ ഇപ്പോൾ നടക്കുന്നില്ല. ബാക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഡോർ അപ്പോയ്മെന്റാണ് പലയിടങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത്. ആകെ ആശ്രയിക്കാനുള്ളത് പി.എസ്.സി. വഴിയുള്ള നിയമനങ്ങളാണ്, അഡ്വൈസ് മെമ്മോ ലഭിച്ച പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികൾ നിയമനം കാത്തു കഴിയുന്നു. അതുപോലെ പി.എസ്.സി. ലിസ്റ്റിൽ പേര് വന്ന് വളരെ ആശയോടെ, പ്രതീക്ഷയോടുകൂടി പതിനായിരക്കണക്കിന് യുവതീയുവാക്കൾ കേരളത്തിൽ നിയമനത്തിനു കാത്തിരിക്കുന്നു. ഒറ്റയടിക്ക് ഈ നിയമനങ്ങൾ നിർത്തി വച്ചതുമൂലം സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ കിട്ടിയവരും, ലിസ്റ്റിൽ പേരു വന്നവരുമായിട്ടുള്ള ചെറുപ്പക്കാർക്ക് തങ്ങളുടെ ഭാവി എന്താകുമെന്നുള്ളതിനെക്കുറിച്ച് ഭയാശങ്കയാണ്. സംസ്ഥാന ഗവണ്മെന്റിന് തൊഴിലവസരം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള കാര്യമായ ഒരു പരിപാടിയുമില്ല. ചെറുപ്പക്കാർക്ക് ഇന്നുള്ള തൊഴിൽ സ്വപ്നത്തിന്മേൽ കരിനിഴൽ വീശുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതുമൂലം ഉണ്ടാകുന്ന അതിഗുരുതരമായ സാഹചര്യം അവസാനിപ്പിക്കാൻ ഗവണ്മെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കണം. ഞാൻ മറ്റ് കാര്യങ്ങളിലേക്കു കടക്കാൻ ആഗ്രഹിക്കുന്നില്ല. ഗവണ്മെന്റ് ചെറുപ്പക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തിരമായി ഇടപെട്ട് ഈ ചെറുപ്പക്കാരുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) : സർ, ഡിസംബർ 13-ാം തീയതി ബഹുമാനപ്പെട്ട സുപ്രീംകോടതി ക്രീമിലെയർ സംബന്ധിച്ച് പുറപ്പെടുവിച്ച വിധി ന്യായത്തിൽ നിയമന ഉത്തരവുകൾ നല്കാത്ത കേസുകളിലും സർക്കാർ സർവ്വീസിലെ ഭാവിയിലുള്ള തെരഞ്ഞെടുപ്പുകളിലും ജസ്റ്റീസ് കെ.. ജെ. ജോസഫ് കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞ പ്രകാരം ക്രീമിലെയർ വിഭാഗക്കാരെ ഒഴിവാക്കിക്കൊണ്ടായിരിക്കണം നിയമങ്ങൾ നല്കേണ്ടതെന്ന് നിർദ്ദേശിച്ചു. ഈ കാലമത്രെയും സംസ്ഥാന സർക്കാർ ക്രീമിലെയർ ഒഴിവാക്കുന്നതിന് നിയമനിർമ്മാണം നടപ്പാക്കാത്തതിനാൽ ജസ്റ്റീസ് കെ.ജെ.ജോസഫ് കമ്മീഷൻ ശുപാർശകൾ ഡിസംബർ 13 മുതൽ നിലവിൽ വന്നതായി കണക്കാക്കണമെന്നും കോടതി നിർദ്ദേശിച്ചു. ഈ നിർദ്ദേശത്തെ മറികടന്നുകൊണ്ടുള്ള ഏതൊരു നിയമനങ്ങളും ഭരണഘടനാവിരുദ്ധമാണെന്നും കോടതി വ്യക്തമാക്കിയിട്ടുള്ള ഈ സാഹചര്യത്തിൽ ക്രീമിലെയർ ഒഴിവാക്കിക്കൊണ്ടുള്ള നിയമനം മാത്രമേ നടത്തുവാൻ സംസ്ഥാനസർക്കാരിന് നിർവ്വാഹമുള്ളൂ. അതിലേയ്ക്ക് വിശദമായ നടപടിക്രമങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. കാലവിളംബരം കൂടാതെ ഈ നടപടിക്രമങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇനിയുള്ള നിയമനങ്ങളിൽ ഞാൻ ക്രീമിലെയറിൽ ഉൾപ്പെടുന്ന ആൾ അല്ല എന്ന് നിയമനാധികാരിയെ ബോദ്ധ്യപ്പെടുത്തുന്ന സർ ഒരു സർട്ടിഫിക്കറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി ഹാജരാക്കേണ്ടതുണ്ടെന്ന് ജസ്റ്റീസ് കെ.ജെ. ജോസഫ് കമ്മിഷൻ ശുപാർശ ചെയ്തു. ഒരു ലക്ഷത്തി അൻപതിനായിരും രൂപ വരുമാന പരിധി അടിസ്ഥാനമാക്കിയാണ് ക്രീമിലെയർ നിശ്ചയിക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മന്ത്രിസഭാ ഉപസമിതി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കോടതി അലക്ഷ്യം സംജാതമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഒരു തൽക്കാല നടപടിയെന്ന നിലയ്ക്ക് സർക്കാർ സർവീസിലെ നിയമനങ്ങൾ മരവിപ്പിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ നിർദ്ദേശങ്ങൾ മൂലം പി.എസ്.സി. അഡ്വൈസ് ലഭിച്ചവരും നിലവിൽ റാങ്ക് ലിസ്റ്റിലുള്ളവരുമായ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly